**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1939** **20-01-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കുള്ള പദ്ധതികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിമൂലം ജോലി നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസികളുടെ കൃത്യമായ കണക്ക് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | കോവിഡ് 19 ജാഗ്രത പോർട്ടൽ പ്രകാരം 920568 പ്രവാസികൾ 16.01.2021 തീയതിവരെ കേരളത്തിലേക്കു എത്തിച്ചേർന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസികൾക്ക് നാട്ടിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നോർക്ക വഴി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്നു. തിരികെ വന്നു സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്ട്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവരെ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് കണക്കെടുപ്പ് നടത്താനും ഇവർക്ക് പുനരധിവാസ പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. കണക്കെടുപ്പ് കൃത്യതയോടെ നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ നോർക്ക നടപ്പിലാക്കിയിട്ടുള്ള മടങ്ങി വരുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവർക്കും അപേക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | മടങ്ങിവന്ന പ്രവാസികൾ |
|---|---|---|
| 1 | തിരുവനന്തപുരം | 63737 |
| 2 | കൊല്ലം | 58093 |
| 3 | പത്തനംതിട്ട | 34685 |
| 4 | ആലപ്പുഴ | 38168 |
| 5 | കോട്ടയം | 33724 |
| 6 | എറണാകുളം | 65398 |
| 7 | ഇടുക്കി | 7971 |
| 8 | തൃശൂർ | 93232 |
| 9 | പാലക്കാട് | 51145 |
| 10 | മലപ്പുറം | 150076 |
| 11 | കോഴിക്കോട് | 95191 |
| 12 | വയനാട് | 10361 |
| 13 | കണ്ണൂർ | 89881 |
| 14 | കാസർഗോഡ് | 37670 |
| 15 | ജില്ല പരാമർശിക്കാത്തവർ | 91236 |
| **ആകെ** | | **920568** |